# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 800 — 28.9.2011 ൽ മറുപടിക്ക്

## വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സിയിൽ സൗജന്യയാത്ര

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>,, റ്റി.വി. രാജേഷ്<br>,, ആർ. രാജേഷ്<br>ശ്രീമതി കെ.എസ്. സലീഖ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | എ) യാത്രാ നിരക്കിൽ ശരാശരി 82% സൗജന്യം ഇപ്പോൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര നൽകുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| ബി) ഇപ്പോൾ കെ.എസ്.ആർ.ടി.സി. നാമമാത്രമായ ഇളവുകളെ വിദ്യാർത്ഥികൾക്ക് നൽകുന്നുള്ളു എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | ബി) സംസ്ഥാനത്തുടനീളം എല്ലാ വിദ്യാർത്ഥികൾക്കും സർക്കാർ/സ്വകാര്യം എന്ന വിവേചനമില്ലാതെ കെ.എസ്.ആർ.ടി.സി. യാത്രാ സൗജന്യം അനുവദിക്കുന്നുണ്ട്. ഓർഡിനറി സർവ്വീസുകളുടെ ആദ്യത്തെ സ്റ്റേജിൽ യഥാർത്ഥ നിരക്കിന്റെ 12.59% മാത്രമാണ് വിദ്യാർത്ഥികളിൽ നിന്നും കൺസഷൻ ടിക്കറ്റ് നിരക്കിനത്തിൽ ഈടാക്കി വരുന്നത്. തുടർന്നുള്ള സ്റ്റേജുകളിൽ കെ.എസ്.ആർ.ടി.സി. പരമാവധി നിലവിലുള്ള നിരക്കിന്റെ 20% മാത്രമെ ഈടാക്കുന്നുള്ളൂ. 6.8.201 ലെ ജി.ഒ.(പി) 45/2011/ട്രാൻ നമ്പർ ഉത്തരവു പ്രകാരം 25 പൈസയും അതിനു താഴെയുള്ള നാണയങ്ങളും ഇല്ലാതായതിനാൽ 50 പൈസയുടെ ഗുണിതങ്ങളായി ടിക്കറ്റ് നിരക്ക് ക്രമീകരിച്ചിട്ടുണ്ട്. |
| സി) നിർദ്ധനരായ തൊഴിലാളികളുടേയും മറ്റും കുട്ടികൾക്ക് പഠനാർത്ഥമുള്ള യാത്ര താങ്ങാൻ കഴിയുന്നില്ലെന്ന യാഥാർത്ഥ്യം സർക്കാർ പരിഹരിക്കുമോ ? | സി) യാത്രാ നിരക്കിൽ ശരാശരി 82% സൗജന്യം ഇപ്പോൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. കൺസഷൻ ടിക്കറ്റ് ഉപയോഗിച്ച് പരമാവധി 40 കിലോമീറ്റർ |

യാത്ര ചെയ്യാവുന്നതാണ്.
40 കി.മീറ്ററിനകത്ത് വിദ്യാർത്ഥി പഠിക്കാനുദ്ദേശിക്കുന്ന വിദ്യാഭ്യാസ സ്ഥാപനം ഇല്ലായെങ്കിൽ പഠിക്കുന്ന സ്ഥാപനത്തിലെ പ്രധാന അധ്യാപകന്റെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ 40 കി.മീ. എന്ന ദൂരപരിധി മാനദണ്ഡമാക്കാതെ കൺസഷൻ ടിക്കറ്റ് നൽകുന്നതിന് കെ.എസ്. ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് അനുവദിക്കാവുന്ന പരമാവധി സൗജന്യം പഠനാർത്ഥമുള്ള യാത്രകൾക്ക് അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ